**പത്രക്കുറിപ്പ്**
**9-5-2018**

# കുടുംബശ്രീ മാതൃകയെ കുറിച്ച് പഠിക്കാൻ 23 അംഗ വിദേശ പ്രതിനിധി സംഘം കേരളത്തിൽ

തിരുവനന്തപുരം: കുടുംബശ്രീ മുഖേന നടപ്പാക്കുന്ന സ്ത്രീശാക്തീകരണ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ നേരിൽ കണ്ടറിയാൻ 23 അംഗ വിദേശ പ്രതിനിധി സംഘം കേരളത്തിലെത്തി. 'ഗ്രാമീണ മേഖലയിലെ വനിതകളുടെ സംരംഭകത്വ വികസനം' എന്ന വിഷയത്തെ ആസ്പദമാക്കി കുടുംബശ്രീയും മാനേജും സംയുക്തമായി കോവളം സമുദ്രയിൽ സംഘടിപ്പിക്കുന്ന രണ്ടാഴ്ച നീളുന്ന അന്താരാഷ്ട്ര പരിശീലന പരിപാടിയിൽ പങ്കെടുക്കാനാണ് പഠന സംഘം എത്തിയത്. പരിശീലനം ഈ മാസം 23ന് അവസാനിക്കും.

ലൈബീരിയ, ഉഗാണ്ട, മംഗോളിയ, മലാവി, കെനിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമുള്ള സംഘമാണ് അന്തർദേശീയ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ തിരുവനന്തപുരത്ത് എത്തിയത്. ഈ രാജ്യങ്ങളിലെ കൃഷി, ജലസേചനം, മൃഗസംരക്ഷണം, തൊഴിൽ, മത്സ്യബന്ധനം, ജെൻഡർ വകുപ്പുകളിലെ ഉന്നതതല ഉദ്യോഗസ്ഥരാണ് എല്ലാവരും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയുറപ്പിച്ചുകൊണ്ട് കേരളത്തിൽ നിരവധി വികസനപ്രവർത്തനങ്ങൾ നടത്തുകയും അതുവഴി സ്ത്രീശാക്തീകരണം സാധ്യമാക്കുകയും ചെയ്ത കുടുംബശ്രീ മാതൃകയെ കുറിച്ച് ഫീൽഡ്തല സന്ദർശനം ഉൾപ്പെടെയുള്ള പഠന പരിപാടികളിലൂടെ മനസിലാക്കുകയാണ് സംഘത്തിന്റെ ലക്ഷ്യം.

കുടുംബശ്രീ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളെ കുറിച്ച് അതത് വിഷയവുമായി ബന്ധപ്പെട്ട വിദഗ്ധർ ക്ലാസുകൾ നയിക്കും. രണ്ടാഴ്ച നീളുന്ന അന്താരാഷ്ട്ര സെമിനാറിൽ മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദനവും വിതരണവും, സംരംഭകരുടെ കൂട്ടായ്മകളായി രൂപീകരിക്കുന്ന കൺസോർഷ്യങ്ങൾ, കൃഷിയുമായി ബന്ധപ്പെട്ട നൂതന ആശയങ്ങൾ എന്നിവ മനസിലാക്കുന്നതിനു പഠനസംഘത്തിന് അവസരമൊരുങ്ങും. ജില്ലകളിൽ കുടുംബശ്രീ മുഖേന നടപ്പാക്കിവരുന്ന വിവിധയിനം കൃഷികൾ, സൂക്ഷ്മസംരംഭങ്ങൾ, കുടുംബശ്രീയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായുള്ള സംയോജിത പ്രവർത്തനങ്ങൾ എന്നിവ സംഘം നേരിൽ സന്ദർശിച്ച് മനസിലാക്കും. ഇതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ അയൽക്കൂട്ടങ്ങളും, എ.ഡി.എസ്, സി.ഡി.എസ് എന്നിവയും സംഘം സന്ദർശിക്കും. സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിൽ അയൽക്കൂട്ടങ്ങളുടെ പങ്ക്, കുടുംബശ്രീ ത്രിതല സംവിധാനത്തിലെ നേതൃനിരയെ തിരഞ്ഞെടുക്കുന്നതിൽ എ.ഡി.എസുകൾക്കും സി.ഡി.എസുകൾക്കുമുള്ള പങ്ക് എന്നിവയെ കുറിച്ച് മനസിലാക്കുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. ഒപ്പം അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകൾ, ബഡ്സ് സ്കൂൾ, കഫേ കുടുംബശ്രീ യൂണിറ്റ്, അമിനിറ്റി സെന്റർ, കാർഷിക സംരംഭങ്ങൾ എന്നിവയും സന്ദർശിച്ച് അയൽക്കൂട്ട അംഗങ്ങളുമായി സംഘം ആശയവിനിമയം നടത്തും. കൂടാതെ ശ്രദ്ധേയമായ വിജയം കൈവരിച്ച അയൽക്കൂട്ട വനിതകളുമായി നേരിൽ സംവദിക്കുകയും അവരുടെ വിജയാനുഭവ കഥകൾ മനസിലാക്കുകയും ചെയ്യും. കുടുംബശ്രീ സംസ്ഥാന-ജില്ലാമിഷനിലെ ഉദ്യോഗസ്ഥരും പഠനസംഘത്തെ അനുഗമിക്കും.

കഴിഞ്ഞ വർഷം തൃശൂർ കിലയിൽ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള 28 അംഗ സംഘത്തിന് കുടുംബശ്രീ പരിശീലനം നൽകിയിരുന്നു. തുടർന്ന് ഉഗാണ്ടയിൽ കുടുംബശ്രീ മാതൃക പ്രാവർത്തികമാക്കുന്നതിന്റെ മുന്നോടിയായി കുടുംബശ്രീക്ക് അവിടേക്ക് ക്ഷണം ലഭിക്കുകയും കുടുംബശ്രീയിൽ നിന്നുമുള്ള പ്രതിനിധികൾ അവിടുത്തെ ഉന്നതതല ഉദ്യോഗസ്ഥർക്കും ഗ്രാമീണ വനിതകൾക്കും പരിശീലനം നൽകുകയും ചെയ്തിരുന്നു.

പരിശീലന പരിപാടി കുടുംബശ്രീ ഡയറക്ടർ പി. റംലത്ത് ഉദ്ഘാടനം ചെയ്തു. ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ അജിത് ചാക്കോ സ്വാഗതം പറഞ്ഞു. 'മാനേജ്' ഡയറക്ടർ(എക്സ്റ്റൻഷൻ) ഡോ. കെ. ഉമാറാണി മുഖ്യപ്രഭാഷണം നടത്തി. സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ബിപിൻ ജോസ് പരിശീലന പരിപാടിയെ കുറിച്ച് വിശദീകരിച്ചു. നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ തീമാറ്റിക് ആങ്കർ രാഹുൽ കൃഷ്ണ നന്ദി പറഞ്ഞു. പ്രോഗ്രാം ഓഫീസർമാരായ ജി.എസ്. അമൃത, ഡോ. നികേഷ് കിരൺ, അനിമൽ ബെർത്ത് കൺട്രോൾ പ്രോജക്ട് എക്സ്പേർട്ട് ഡോ. രവികുമാർ.എൽ, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാരായ അരുൺ.പി.രാജൻ, പ്രോജക്ട് എക്സിക്യൂട്ടീവ് ചിന്നു ജോസഫ് എന്നിവർ പങ്കെടുത്തു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ